**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4854** **02-07-2024 - ൽ മറുപടിയ്ക്ക്**

**സേവ് ക്ലബ്ബ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന സേവ് ക്ലബ്ബ് എന്ന പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക മുന്നേറ്റത്തിന്റെ ഭാഗമായി പുരോഗമന സ്വഭാവമുള്ള സാംസ്കാരിക കൂട്ടായ്മകൾ എന്ന നിലയിൽ നഗറുകൾ കേന്ദ്രീകരിച്ച് വിദ്യാർത്ഥികളെയും യുവജനങ്ങളെയും ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള സേവ് ക്ലബ്ബുകളുടെ പ്രവർത്തനം ബ്ലോക്ക്/ജില്ലാ പട്ടികജാതി/പട്ടികവർഗ്ഗ വികസന ഓഫീസർമാരുടെ നേതൃത്വത്തിൽ നിശ്ചിത ഇടവേളകളിൽ വിലയിരുത്തി വരുന്നുണ്ട്. സേവ് ക്ലബ്ബുകളിലൂടെ ചുവടെ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങൾ ഉറപ്പ് വരുത്തുന്നതോടൊപ്പം, ഈ പ്രവർത്തനങ്ങളിലെല്ലാം ഉദ്യോഗസ്ഥരുടെ സാന്നിധ്യം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.<br><br>1. പട്ടികജാതി വികസന വകുപ്പ് വിഭാവനം ചെയ്തിട്ടുള്ള കമ്മ്യൂണിറ്റി ഡവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി ഓരോ പ്രദേശത്തും വിദ്യാർത്ഥികളുടെയും പട്ടികജാതി പട്ടികവർഗ്ഗ യുവാക്കളുടെയും കൂട്ടായ്മകൾ രൂപപ്പെടുത്തുക.<br><br>2. നഗറുകൾ കേന്ദ്രീകരിച്ച് അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.<br><br>3. യുവജനങ്ങളുടെ കലാകായിക സാംസ്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.<br><br>4. പഠനക്യാമ്പുകളിലൂടെ കുട്ടികളിൽ നേതൃത്വം വളർത്തിയെടുക്കുക.<br><br>5. കുട്ടികളിൽ സാമൂഹ്യ പ്രതിബദ്ധതയും ജീവകാരുണ്യ സാമൂഹ്യപ്രവർത്തന തല്പരതയും വളർത്തുക<br><br>6. ട്യൂഷൻ പ്രോഗ്രാം സംഘടിപ്പിച്ച് കുട്ടികളുടെ പഠന പ്രവർത്തനങ്ങളെ കൂടുതൽ മെച്ചപ്പെടുത്തുക. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ |

<table>
<tr><td></td><td></td><td></td><td>കണ്ടെത്തി അവരുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് വഴിയൊരുക്കുക.<br><br>7. കരിയർ ഗൈഡൻസ്, വിവിധ മത്സരപരീക്ഷ പരിശീലനം എന്നിവ സംഘടിപ്പിക്കുക.<br><br>8 നഗറുകളിലെ പൊതുവായ ആവശ്യങ്ങളിലും വികസന പ്രവർത്തനങ്ങളിലും ക്രിയാത്മകമായ ഇടപെടലുകൾ നടത്തുക<br><br>9. മയക്കുമരുന്ന് തുടങ്ങിയ സാമൂഹ്യതിന്മകൾക്കെതിരെ പ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.<br><br>10. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെയും മറ്റു സർക്കാർ വകുപ്പുകളുടെയും വികസന പ്രവർത്തനങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിന് ആവശ്യമായ പ്രചാരണ പരിപാടികളിൽ പിന്തുണ നൽകുക.</td></tr>
<tr><td>(ബി)</td><td>മണലൂർ മണ്ഡലത്തിൽ സേവ് ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ;</td><td>(ബി)</td><td>മണലൂർ മണ്ഡലത്തിൽ 17 സേവ് ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.<br><br><table><tr><td>ക്രമ നം</td><td>ബ്ലോക്ക്</td><td>എണ്ണം</td></tr><tr><td>1</td><td>അന്തിക്കാട്</td><td>4</td></tr><tr><td>2</td><td>ഗുരുവായൂർ</td><td>1</td></tr><tr><td>3</td><td>തളിക്കുളം</td><td>1</td></tr><tr><td>4</td><td>മുല്ലശ്ശേരി</td><td>11</td></tr></table></td></tr>
<tr><td>(സി)</td><td>ഇല്ലെങ്കിൽ മണലൂർ മണ്ഡലത്തിൽ പ്രസ്തുത ക്ലബ്ബുകൾ രൂപീകരിക്കാൻ നടപടി എടുക്കുമോ; വിശദാംശം നൽകാമോ?</td><td>(സി)</td><td>മണലൂർ മണ്ഡലത്തിൽ 17 സേവ് ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.<br><br><table><tr><td>ക്രമ നം</td><td>ബ്ലോക്ക്</td><td>എണ്ണം</td></tr><tr><td>1</td><td>അന്തിക്കാട്</td><td>4</td></tr><tr><td>2</td><td>ഗുരുവായൂർ</td><td>1</td></tr><tr><td>3</td><td>തളിക്കുളം</td><td>1</td></tr><tr><td>4</td><td>മുല്ലശ്ശേരി</td><td>11</td></tr></table></td></tr>
</table>

സെക്ഷൻ ഓഫീസർ